**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3848** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുടുംബാരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ല, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോളിലൂടെ കൺസൾട്ടേഷൻ നടത്താൻ കഴിയുന്ന ടെലി-മെഡിസിൻ സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് പതിവ് ഒപി ചികിത്സക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി നടപ്പിലാക്കിയ ടെലിമെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പൊതുജനങ്ങൾക്കായി രണ്ട് തരം ടെലിമെഡിസിൻ സേവനങ്ങൾ പ്രാപ്തമാക്കിയിട്ടുണ്ട്. ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന് (എബി-എച്ച്ഡബ്ല്യുസി) കീഴിൽ 2019 നവംബറിൽ പുറത്തിറക്കിയ ഹബ് ആൻഡ് സ്പോക്ക് മോഡലായ ഇ സഞ്ജീവനി എ ബി-എച്ച്ഡബ്ല്യുസി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനവും 2020-ൽ പുറത്തിറക്കിയ ഇ-സഞ്ജീവനി ഒപി സേവനവും. ടെലിമെഡിസിൻ പ്ലാറ്റ്ഫോം വഴി കൺസൾട്ടേഷന് വിധേയരായ രോഗികൾക്ക് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ നിന്ന് മരുന്ന് നേടാം, കൂടാതെ ഇ-കുറിപ്പടി അല്ലെങ്കിൽ ഇ-അഭ്യർത്ഥനയുമായി വരുന്നുണ്ടെങ്കിൽ ലാബ് അന്വേഷണവും നടത്താം. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം ഒരു ഹബ് ആൻഡ് സ്പോക്ക് മോഡലിലാണ് പ്രവർത്തിക്കുന്നത്. ഹബ് എന്നത് മെഡിക്കൽ കോളേജുകളിലെയും, ജില്ല ആശുപത്രികളിലെയും എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അടങ്ങിയ ഒരു പൂളാണ്. സ്പോക് എന്നത് താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ ഉപകേന്ദ്രം എന്നിവ യാണ്. സ്പോക്കിൽ വരുന്ന രോഗികളെ മെഡിക്കൽ കോളേജുകളിലേക്കും, ജില്ല ആശുപത്രികളിലേക്കും റെഫർ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | അവർക്ക് സ്പോക് ആശുപത്രിയിൽ ഇരുന്നുകൊണ്ട് തന്നെ മെഡിക്കൽ കോളേജുകളിലെയും, ജില്ല ആശുപത്രികളിലെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നു എന്നതാണ് ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനത്തിന്റെ പ്രത്യേകത. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം രണ്ട് ലെവൽ കൺസൾട്ടേഷനാണ് രോഗിക്ക് നൽകുന്നത്. ആദ്യമായി സ്പോക് ആശുപത്രിയിലെ ഡോക്ടർ ചെയ്യുന്ന പ്രാഥമിക പരിശോധനയാണ്, അതു കഴിഞ്ഞ് രോഗിയെ സ്പെഷ്യലിസ്റ്റ് ഡോക്ടർക്ക് റെഫർ ചെയ്യേണ്ട സാഹചര്യം ഉണ്ടെങ്കിൽ സ്പോക് ആശുപത്രിയിലെ ഡോക്ടർക്ക് ഉടൻ തന്നെ ഹബ്ബിലെ (മെഡിക്കൽ കോളേജുകളിലേയും, ജില്ല ആശുപത്രി കളിലേയും) ഡോക്ടർമാരെ ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനത്തിലൂടെ കണക്ട് ചെയ്യാവുന്ന താണ്. ഇതുവഴി റഫർ രോഗിക്ക് മെഡിക്കൽ കോളേജുകളിലേക്കും, ജില്ല ആശുപത്രികളിലേക്കും പോകാതെ തന്നെ സ്പെഷ്യ ലിസ്റ്റ് ഡോക്ടറുടെ സേവനം നേടാവുന്നതാണ്.<br><br>ഇ-സഞ്ജീവനി കൺസൾട്ടേഷന് ശേഷം രോഗിക്ക് ലഭിക്കുന്ന ഇ-പ്രിസ്ക്രിപ്ഷൻ(കുറുപ്പടി) വഴി സർക്കാർ ആശുപത്രി കളിൽ നിന്നും സൗജന്യമായി മരുന്നും, ലാബ് പരിശോധനകളും ചെയ്യാൻ സാധിക്കും. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശാവർ ക്കർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർക്കും ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം രോഗികൾക്ക് നൽകാവുന്നതാണ്. കേരളത്തിൽ ഇതുവരെ 30,000-ൽ അധികം കൺസൾട്ടേഷനുകളാണ്പൂർത്തിയായിട്ടുള്ളത്. എല്ലാ ജില്ലകളിലും ജില്ലാ ഹബ്ബും കൂടാതെ സംസ്ഥാന ഹബ്ബും പ്രവർത്തി ക്കുന്നുണ്ട്. കേരളത്തിൽ ആകെ 49 ഹബ്ബുകളാണ് ഉള്ളത്, കൂടാതെ 78 സെക്കൻഡറി ലെവൽ ആശുപത്രികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 2835 സ്പോക് ആശുപത്രികളാണ് നിലവിൽ ഇ-സഞ്ജീവനിയിൽ സജ്ജീവ മായി പ്രവർത്തിക്കുന്നത്. കേരളത്തിൽ ദിനംപ്രതി 600 മുതൽ 900 കൺസൾട്ടേഷനുകളാണ് നടക്കുന്നത്. ഇ-സഞ്ജീവനി ജനങ്ങളിലേക്ക് എത്തി ക്കുന്നതിലേക്കായി എല്ലാ ജില്ലയിലെയും MLSP, പാലിയേറ്റീവ് കെയർ സ്റ്റാഫ് എന്നിവർ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗീ പരിശോധനയും ചികിൽസ ക്രമങ്ങളും | (ബി) | സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ |

| | | | |
|---|---|---|---|
| | ക്രോഡീകരിച്ച് വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ഇ-ഹെൽത്ത് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.ടി. അധിഷ്ഠിത സേവനങ്ങളും ലഭ്യമാകുന്ന ഏജൻസിയായി ഇ-ഹെൽത്തിനെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | ശ്രേണി യിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 446 ആശുപത്രി കളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 160 എണ്ണം പൂർണ്ണമായും കടലാസ്സ് രഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. അവശേഷിക്കുന്ന 250 ആശുപത്രികളിൽ 182 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിയ്ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. 68 ആശുപത്രി കളിൽ വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.ടി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്നതിലേക്കായി ഇ-ഹെൽത്ത് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷനായി മാറ്റിയിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിൽ ഇ-ഹെൽത്ത് മുഖേന നടപ്പിലാക്കി വരുന്ന ഐ.ടി അധിഷ്ഠിത സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കോവിഡ് വാക്സിനേഷൻ പോർട്ടൽ<br><br>2.കോവിഡ് ഡെത്ത് ഇൻഫർമേഷൻ സിസ്റ്റം<br><br>3.കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ് മെന്റ് സിസ്റ്റം (നിപ്പ മോണിറ്ററിംഗ് ആപ്ലിക്കേഷൻ)<br><br>4.ശൈലി ആപ്പ്<br><br>5.ട്രൈബൽ ടെലി മെഡിസിൻ<br><br>6.ഹെൽത്ത് പോർട്ടൽ<br><br>7.കാൻസർ കെയർ സ്യൂട്ട്<br><br>8.സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) |

സെക്ഷൻ ഓഫീസർ